**ഉള്ളടക്കം.**

1.ആമുഖം

2.ലക്ഷ്യങ്ങൾ

3.കാട്ടാക്കട നിയോജക മണ്ഡലത്തിലെ മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

4.പദ്ധതികളുടെ രൂപീകരണം വിവിധ ഘട്ടങ്ങളിലൂടെ

5.നിലവിലെ അവസ്ഥ- വിശകലനം

6.വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

7. അക്കാദമിക് പ്ളാൻ : 2025-26- ഒറ്റ നോട്ടത്തിൽ

8.പദ്ധതി രൂപീകരണം ( മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം )

(അക്കാദമികം, ഭൗതീകം, സാമൂഹികം)

8.പ്രതീക്ഷിത നേട്ടങ്ങൾ

9.വിവിധ കമ്മറ്റികൾ

10നിരീക്ഷണം

11.ഉപസംഹാരം.

**അറിവിലേയ്ക്ക്**......................,

1.വിദ്യാലയത്തിൻെറ പേര് ഃ ഗവ. ഹൈസ്കൂൾ പ്ളാവൂർ.

2.വിലാസം ഫോൺ നം ഃ പ്ളാവൂർ, കാട്ടാക്കട

പിൻ 695572

ഫോൺ നം. 0471

3.സ്കൂൾ കോഡ് ഃ 44068

4.വിദ്യാഭ്യാസ ജില്ല ഃ നെയ്യാറ്റിൻകര

5.വിദ്യാഭ്യാസ ഉപജില്ല ഃ കാട്ടാക്കട

6.റവന്യു ജില്ല ഃ തിരുവനന്തപുരം

7.ബി ആർ സി ഃ കാട്ടാക്കട

8.സി ആർ സി ഃ തിരുവനന്തപുരം

9.ഗ്രാമ പഞ്ചായത്ത് ഃ കാട്ടാക്കട

10.ബ്ളോക്ക് പഞ്ചായത്ത്ഃ വെള്ളനാട്

11.ജില്ലാ പഞ്ചായത്ത് ഃ തിരുവനന്തപുരം

12.നിയമസഭാ മണ്ഡലംഃ കാട്ടാക്കട

13.ലോകസഭാ മണ്ഡലംഃ ആറ്റിങ്ങൽ

14.താലൂക്ക് ഃ കാട്ടാക്കട

15.വില്ലേജ് ഃ കുളത്തുമ്മൽ

16.ഇ-മെയിൽ

വെബ്സൈറ്റ്

സ്കൂൾ വിക്കി.

1.**ആമുഖം.**

കാലോചിതമായ മാറ്റം അനിവാര്യമാണ് എന്നത് പൊതു ധർമ്മമാണ്. എന്നാൽ പഠന പദ്ധതിയിലും പ്രവർത്തനങ്ങളിലും മികവ് കാട്ടിയാൽ മാത്രമെ വിദ്യാഭ്യാസ പുരോഗതി ഉണ്ടാവുകയുള്ളൂ. അത്തരം പഠന പ്രവർത്തനങ്ങളുടെ മികവിലൂടെ നാം നേടിയത് അസൂയാ വഹങ്ങളായ നേട്ടങ്ങളായിരുന്നു. പിന്നിട്ട 144 വർഷങ്ങൾ ഈ വിദ്യാലയ മുത്തശ്ശി ഈ നാടിന് സമ്മാനിച്ചത് നൂതന സംസ്കാരവും നിരവധി പ്രതിഭകളെയുമായിരുന്നു.

2024 വരെയുള്ള കാലഘട്ടത്തിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളിൽ മുഴുവൻ പേർക്കും ഈ വിദ്യാലയം ഒരു ഗൃഹാതുരത്വമായി നില നിൽക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. നിരവധി ദേശക്കാർ സംസ്കാരങ്ങൾ നമ്മുടെ വിദ്യാലയത്തിൻെറ ഭാഗമായിട്ടുണ്ട്. ഇന്ന് 2024 ൽ അതിൻെറ ഭാഗമാകാൻ Pre-KG മുതൽ എസ് എസ് എൽ സി വരെ വിദ്യാർത്ഥികളും 75 ലധികം വരുന്ന അധ്യാപക അധ്യപകേതര ജീവനക്കാരും സന്തോഷപൂർവ്വം ഒരുങ്ങുന്ന കാഴ്ച ഹൃദ്യമായ നിർവൃതിയായി വിദ്യാലയം ഏറ്റ് വാങ്ങുകയാണ്.വികസനവും വളർച്ചയും വിജ്ഞാനവും തൻെറ പ്രിയ മക്കളിലൂടെ നാടിന് പകർന്ന് നൽകുമ്പോഴും ഗ്രാമീണമായ ശാലീനതയും നിഷ്കളങ്ക സംസ്കാരവും ഒപ്പം ചേർത്ത് പിടിക്കുന്ന വിദ്യാലയത്തിൽ നിന്ന് ഉയർച്ചയുടെ സ്വപ്ന പടവുകൾ താണ്ടുവാനെത്തുന്നവർ ഇനിയുമേറെ. കാലത്തിൻെറ തികവിൽ അറിവ് അഗ്നി നാളമായി പകർന്ന് നൽകാൻ ഈ നാടിൻെറ ഈ വിദ്യാലയ മുത്തശ്ശി ഒരു വിൺ താരമായി ഇനിയും ഏറെക്കാലം ഇവിടെ തന്നെ നില നിൽക്കട്ടെ....

വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായിരിക്കുന്നു. എല്ലാ വിഭാഗക്കാർക്കും പഠന നേട്ടം ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ പ്രക്രിയയുടെ സമസ്ത മേഖലകളിലും കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവുമായ പദ്ധതി രൂപീകരണമാണ് 2024-2025 കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയവും നടപ്പിലാക്കുന്നത്. ഈ ലോകത്തെ നവമായി നോക്കി കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ ഔപചാരിക പഠനത്തിലൂടെ കുട്ടികൾക്ക് ലഭിക്കുക. ഒരു നല്ല വിദ്യാ സമ്പത്തിൻെറ ഉടമകളായി ഓരോ കുട്ടിയെയും എല്ലാ തലങ്ങളിലും മാറ്റുകയാണ് ഈ മാസ്റ്റർ പ്ളാനിംഗിലൂടെ ലക്ഷ്യമിടുന്നത്.

2. **ലക്ഷ്യങ്ങൾ.**

1. 1 മുതൽ 10 വരെ ഓരോ ക്ളാസ്സിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ( അന്താരാഷ്ട്ര നിലവാരത്തിൽ ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. ( ഓരോ കുട്ടിയും കുറഞ്ഞത് 3 ഭാഷയിലെങ്കിലും ആശയ വിനിമയ ശേഷി നേടണം.

2. എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും അറിവ് ലഭിക്കുന്നതിനും നൈസർഗ്ഗികമായ സിദ്ധി ഉപയോഗിച്ച് സർഗ്ഗപരമായ കഴിവുകൾ വികസിപ്പിച്ച് പ്രകടമാക്കുന്നതിനുള്ള അവസരം ഒരുക്കും.

3. അന്താരാഷ്ട്ര നിലവാരത്തിൽ നമ്മുടെ സ്കൂളും പ്രവർത്തിച്ച് കുട്ടികൾ നവീന ആശയങ്ങളിലേയ്ക്ക് എത്തി ചേരുന്നതിനായി ആധുനിക ഉപകരണങ്ങൾ സജ്ജമാക്കും.

4. ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപന ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

5. കായികപരമായ മികവ് പുലർത്തുന്നതിനായി സ്കൂളിന് മതിയായ കളിസ്ഥലം നിർമ്മിക്കൽ പ്രവർത്തനം കാര്യക്ഷമമാക്കും.

6. ക്ളാസ്സ് മുറികളിൽ ഐ സി ടി അധിഷ്ഠിത ക്ളാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹു മുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ക്ഷമമാക്കും.

7. സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനിക വൽകരിച്ച് പഠന പ്രക്രിയയുടെ വേഗം കൂട്ടും.

8. പഠന യാത്രകൾ ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ധരുടെ ക്ളാസ്സുകൾ സെമിനാറുകൾ തുടങ്ങിയവയിലൂടെ പഠന തന്ത്രങ്ങൾ പ്രയോജനകരമാക്കും.

9. കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തി എടുക്കുന്നതിനായി അടുത്ത ആറ് മാസം ഒരു കുട്ടി ഒരു ചെടി എങ്കിലും വീട്ടിൽ നടുകയും അതിൽ നിന്ന് ഒരു പൂവെങ്കിലും ഫലം എടുത്ത് അതിൽ സന്തോഷം കണ്ടെത്തുന്നതിനുള്ള പ്രോത്സാഹനം നൽകും.

10. കുട്ടി വീട്ടിൽ നട്ട് ഫലം ഉണ്ടാക്കിയ ചെടികളെ സ്കൂളിലേയ്ക്കും കൊണ്ട് വന്ന് നടുന്നതിലൂടെ ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം പ്രാവർത്തികമാക്കും.

11. പ്ളാസ്റ്റിക് ഉപയോഗത്തിന്റെ ദോഷ വശങ്ങളെ കുറിച്ച് കൂടുതൽ ബോദ്ധ്യമാക്കുന്നതിനായി സെമിനാറുകൾ സംഘടിപ്പിക്കുകയും സ്കൂളിൽ പ്ളാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായി ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകും. അതിനായി ഗൈഡൻസുകൾ നൽകും.

13. വിദ്യാഭ്യാസത്തിൽ ജനകീയ വത്കരണം സാധ്യമാക്കും.

14. അടൽ ടിങ്കർ ലാബുകൾ പരിഷ്കരിച്ച് ഐ ടി മേഖലയുടെ പ്രസക്തിയെ കുറിച്ച് കുട്ടികൾക്ക് പ്രാക്ടീസുകൾ നൽകും.

15. അക്കാദമിക് മികവുകൾ ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കും.

16. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ജൂൺ മാസത്തിൽ തന്നെ കണ്ടെത്തി അവർക്കായി

( 1. വൈകുന്നേരം 4 മണി മുതൽ 5 മണി വരെ അധിക പ്രവർത്തനങ്ങൾ നൽകും.

2. എക്സ്പോർട്ടുകളെ കൊണ്ട് വന്ന് പഠന ക്യാമ്പുകൾ സംഘടിപ്പിക്കും.

3. ഗൃഹ സന്ദർശനങ്ങൾ നടത്തും.

4. മാതാ പിതാക്കൾക്ക് കൗൺസിലിംഗ് നൽകും.

5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

6. പഠന സാമഗ്രികൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തും. )

സാമൂഹിക നീതിക്ക് വേണ്ടിയും, ജ്ഞാന സമൂഹ സൃഷ്ടിയ്ക്ക് വേണ്ടിയും, ദേശീയ ബോധവും ഉത്തരവാദിത്വവുമുള്ള പൗര ബോധം വളർത്തുന്നതിന് വേണ്ടിയും, എല്ലാവരെയും ഉൾക്കൊള്ളുന്നതിന് വേണ്ടിയും, ഭരണ ഘടനാ മൂല്യങ്ങൾ

വികസിപ്പിക്കുന്നതിന് വേണ്ടിയും, ചരിത്ര ബോധവും സാംസ്കാരിക ബോധവും ശാസ്ത്ര ബോധവും വളർത്തുന്നതിന് വേണ്ടിയും, സാങ്കേതിക വിദ്യാ ബോധം സാധ്യമാക്കുന്നതിനും, തൊഴിൽ നൈപുണിയും സ്വാശ്രയത്വവും വളർത്തുന്നതിനും, പ്രതി സന്ധികളെ തരണം ചെയ്യുന്നതിനും, അതി ജീവന ശേഷി കൈവരിക്കുന്നതിനും, വിമർശനാത്മക ചിന്ത വളർത്തുന്നതിനും, പാരിസ്ഥിതിക അവബോധം വളർത്തുന്നതിനും, ഇതര ലിംഗത്തിൽ പെട്ടവരോട് സൗഹാർദ്ദപരമായി പെരുമാറുന്നതിനും, നവകേരളം രൂപ പെടുത്തുന്നതിനുമായുള്ള വിദ്യാഭ്യാസം നൽകുകയാണ് പ്രധാന ലക്ഷ്യം

## 3. കാട്ടാക്കട നിയോജക മണ്ഡലത്തിലെ മികവിൻെറ കേന്ദ്രം– കാഴ്ചപ്പാട്

'വിദ്യാഭ്യാസത്തിൻെറ കാതൽ ചിന്തയാണ്' എന്ന ഗാന്ധിജിയുടെ തത്വം ഉൾക്കൊണ്ട് പുതിയ ചിന്തകൾക്ക് വഴി വച്ച്, നൂതന വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ നമ്മുടെ സ്കൂളിൻെറ പങ്ക് ചെറുതല്ല. അതുകൊണ്ട് തന്നെയാണ് നാടിൻെറ സംസ്കാര തനിമയിൽ ഈ വിദ്യാലയ മുത്തശ്ശി മികച്ചൊരു വിദ്യാലയമായി ഇന്നും നിലകൊള്ളുന്നതും.

കുട്ടികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനുമായി സ്കൂൾ മെസ്സേജിംഗ് സിസ്റ്റം, എല്ലാ റൂട്ടിലേയ്ക്കും വാഹന സൗകര്യം, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകുന്ന ശ്രദ്ധ ക്ളാസ്സുകൾ, ഹൈടെക്ക് ക്ളാസ്സ് മുറികൾ, വിവിധ ക്ളബ് പ്രവർത്തനങ്ങൾ, ലൈബ്രറി സൗകര്യം, എസ് പി സി, എൻ സി സി, ലിറ്റിൽ കൈറ്റ്സ്, GOTEC എന്നിവയുടെയും ഒക്കെ പ്രവർത്തനങ്ങളാണ് കാട്ടാക്കട നിയോജക മണ്ഡലത്തിലെ മികവിൻെറ കേന്ദ്രമായി ഈ വിദ്യാലയവും മികച്ച് നിൽക്കുന്നതിനുള്ള കാരണവും.

## 5. നിലവിലെ അവസ്ഥ– വിശകലനം

### ഭൗതീക ചുറ്റുപാട്

ക്ളാസ്സ് റൂമുകളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ, മുഴുവൻ ക്ളാസ്സ് റൂമുകളിലും വൈറ്റ് ബോർഡും മാർക്കർ പെന്നും, ബഹു നില കെട്ടിടങ്ങൾ, ക്യാൻറീൻ സൗകര്യം, രണ്ട് ഡൈനിംഗ് ഹാളുകൾ, സിസിടിവി സൗകര്യം, വിദ്യാലയത്തിനെ റോഡിൽ നിന്നും വേർതിരിക്കുന്ന മതിലുകൾ, ആധുനിക സൗകര്യത്തോടുകൂടിയ എ ടി എൽ ലാബ്, ഭക്ഷണം പാകം ചെയ്യുന്നതിന്

പ്രത്യേക കെട്ടിടം, എൽ പി വിദ്യാർത്ഥികൾക്കായി വർണ്ണക്കൂടാരം, ഐ ടി ലാബ് എന്നിവയാൽ സ്കൂളിൻെറ ഭൗതീക ചുറ്റുപാട് സമ്പന്നമാണ്.

**പരിമിതികൾ**

കളിസ്ഥലം ഇല്ലാത്തതും, ആധുനിക രീതിയിലുള്ള ലൈബ്രറി സൗകര്യം ഇല്ലാത്തതും, ലാബുകളുടെ അപര്യാപ്തതയും, ബാത്ത് റൂമുകൾ ആധുനിക രീതിയിൽ ഇല്ലാത്തതും, ആകർഷകമായ തരത്തിൽ കവാടമില്ലാത്തതും, നല്ലൊരു ആഡിറ്റോറിയം ഇല്ലാത്തതും പരിമിതികളായി തന്നെ തുടരുന്നു.

**പഠന നേട്ടങ്ങൾ**

എസ് എസ് എൽ സി പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികളെയും വിജയിപ്പിക്കാനാവുന്നതും, കൂടുതൽ എ പ്ളസ്സുകൾ നേടി കൊടുക്കുവാനാകുന്നതും, അഞ്ച് മുതൽ പത്ത് വരെ ക്ളാസ്സിലെ കുട്ടികൾക്ക് എഴുത്തും വായനയും പരിശീലിപ്പിക്കാനാവുന്നതും, വിവധ മത്സര പരീക്ഷകളിൽ ഉന്നത വിജയങ്ങളിലൂടെ നേട്ടങ്ങൾ കൈവരിച്ചതും പഠന നേട്ടങ്ങൾക്ക് ഉത്തമ ഉദാഹരണം തന്നെയാണ്.

**പഠന പരിമിതികൾ**

ആധുനിക രീതിയിലുള്ള ലൈബ്രറി, ലാബ് സൗകര്യങ്ങൾ ഇല്ലാത്തതും, സാമ്പത്തികവും സാമൂഹ്യ പരമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ എണ്ണത്തിൽ കൂടുതൽ പഠിക്കുന്നതിനാൽ അറ്റൻഡൻസ് കുറയുന്നതും പഠന സ്ഥിതിയുടെ പരിമിതി തന്നെയാണ്.

**6 വിദ്യാലയം മികവിൻെറ കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ- ഒറ്റ നോട്ടത്തിൽ**

അധ്യാപകർ, പി റ്റി എ, എം പി റ്റി എ, എസ് എം സി, സ്കൂൾ ജാഗ്രതാ സമിതി തുടങ്ങി, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, മറ്റ് കമ്മറ്റികൾ, എന്നിവ ഓരോന്നും സഹവർത്തിത്വത്തോടെ പ്രവർത്തിക്കുന്നതിനാൽ ഈ വിദ്യാലയം മികവിൻെറ കേന്ദ്രം തന്നെയാണ്. കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്നവയ്ക്ക് പ്രാധാന്യം ഏറുന്നു.

7 അക്കാദമിക് പ്ലാൻ 2025-26 ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ❖ മലയാള ഭാഷാ ശേഷി വികസനം<br>❖ ഗണിത ശേഷി വികസനം<br>❖ ഇംഗ്ലീഷ് ഭാഷാ വികസനം<br>❖ ശാസ്ത്ര പഠന പരിപാടികൾ<br>❖ സാഹിത്യ പോഷണ പരിപാടികൾ<br>❖ പ്രതിഭകളെ സൃഷ്ടിക്കൽ<br>❖ നാടക കളരികൾ<br>❖ ലബോറട്ടറി, ലൈബ്രറി, എ ടി എൽ ലാബ്, ഐ ടി ലാബ് ആധുനിക വത്കരിക്കൽ<br>❖ പഠന യാത്രകൾ<br>❖ സെമിനാറുകൾ<br>❖ വിശിഷ്ട വ്യക്തികളെ ആദരിക്കൽ<br>❖ ക്ളാസ്സ് പി ടി എ കൾ വിളിച്ച് കൂട്ടൽ<br>❖ മെഡിക്കൽ ക്യാമ്പ്<br>❖ ദിനാചരണങ്ങൾ<br>❖ ചിത്ര രചന<br>❖ സുരിലി ഹിന്ദി<br>❖ ഗോടെക്ക്<br>❖ മൂല്യ നിർണയങ്ങൾ<br>❖ നിരന്തരമായ വിലയിരുത്തലുകൾ<br>❖ LSS, USS, MMS പരിശീലനം<br>❖ അക്ഷര ക്ളാസ്സുകൾ സംഘടിപ്പിക്കൽ<br>❖ വിശിഷ്ട വ്യക്തികളുമായുള്ള അഭിമുഖം<br>❖ പോഷകാഹാര പരിപാടി<br>❖ വിവിധ തരം ലാബ് പ്രവർത്തനങ്ങൾ<br>❖ റേഡിയോ ക്ളബ് പ്രവർത്തനം<br>❖ ബ്ളോഗ് എഴുത്ത്. | ❖ വായനാ ദിനത്തിനൊരു കൈയ്യെഴുത്ത് പുസ്തകം<br>❖ വിശിഷ്ട വ്യക്തികളുടെ ജന്മ ദിനങ്ങൾ ആഘോഷിക്കുന്നതിന് ചിത്രങ്ങൾ അടങ്ങിയ ആൽബം<br>❖ കളിസ്ഥലം<br>❖ ക്ളാസ്സ് മുറികൾ<br>❖ അടുക്കള<br>❖ സ്റ്റാഫ് മുറി<br>❖ ലൈബ്രറി ഹാൾ<br>❖ കമ്പ്യൂട്ടർ റൂം<br>❖ മാലിന്യ സംസ്കരണം<br>❖ കൃഷിത്തോട്ടം<br>❖ ഞാൻ നട്ട ചെടി വിദ്യാലയത്തിനും<br>❖ വിദ്യാലയത്തിന് മനോഹരമായ കവാടം. | ❖ പി റ്റി എ<br>❖ എം പി റ്റി എ<br>❖ എസ് എം സി<br>❖ ജാഗ്രതാ സമിതി<br>❖ വിദ്യാലയ വികസന സമിതി<br>❖ കളിസ്ഥലം വാങ്ങുന്നതിനുള്ള കമ്മിറ്റി<br>❖ പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം<br>❖ ക്ളാസ്സ് പി റ്റി എ കൾ<br>❖ സ്കൂൾ പുരോഗതിയ്ക്കായി വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളുമായി ഒരുമിച്ചുള്ള പ്രവർത്തനം<br>❖ എൽ പി യു പി കുട്ടികളും സീനിയർ സിറ്റിസനുകളുമായുള്ള സൗഹൃദ സദസ്സുകൾ<br>❖ പൊതു സമൂഹവുമായി ചേർന്ന് സ്കൂളിന് ഒരു കളി സ്ഥലം നിർമ്മിക്കൽ<br>❖ ലൈബ്രറി യുടെ വികസനത്തിനായി വീട്ടിൽ നിന്നും ഒരു പുസ്തകം കുട്ടിയ്ക്ക് എന്ന പദ്ധതിയ്ക്കായുള്ള ഭാഗഭാഗിത്വം<br>❖ ഭവന സന്ദർശനം<br>❖ അക്ഷരാഭ്യാസം ഇല്ലാത്തവർക്ക് സ്കൂൾ കുട്ടികളുമായി ചേർന്ന് അക്ഷരം പകർന്ന് നൽകൽ |

## 8 പദ്ധതി വിശദാംശങ്ങൾ

### അക്കാദമികം

## പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : 1. SPOKEN ENGLISH/ GOTEC ENGLISH CLASS 2. സ്വതന്ത്രമായ ഇംഗ്ലീഷ് വായനയ്ക്കും എഴുത്തിനും പ്രാപ്തരാക്കുക 3. നാടകീകരണം 4. ഇംഗ്ലീഷ് ക്ലബ്ബിലൂടെ കുട്ടികളെ വിദേശികളുമായി സംവദിക്കാൻ പഠന യാത്ര.

## മേഖല : ഹൈസ്കൂൾ ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | SPOKEN ENGLISH/ GOTEC ENGLISH CLASS ENGLISH CARTOON പ്രദർശനം | അവധിക്കാലം ശനിയാഴ്ചകൾ | പി ടി എ അധ്യാപകർ | പി ടി എ അധ്യാപകർ |
| 2.സ്വതന്ത്ര വായനയ്ക്കും എഴുത്തിനും പ്രാപ്തരാക്കുക | സ്കൂൾ ഇംഗ്ലീഷ് വോയിസ്, അക്ഷര കാർഡ്, പദ കാർഡ്, വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് അധ്യാപകർ ടീച്ചേർസ് |
| 3.ഇംഗ്ലീഷിൽ വിദേശികളുമായി സംവദിക്കാൻ പഠന യാത്ര | NATIVE SPEAKERS മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുങ്ങുന്നു.ഇപ്പോൾ ജീവിച്ചിരിക്കുന്ന ഇംഗ്ലീഷ് എഴുത്തുകാരുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം 2 തവണ | പി റ്റി എ | പി റ്റി എ എം പി റ്റിഎ |
| 4.നാടകീകരണം | ENGLISH ASSEMBLY SKIT | ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | അധ്യാപകർ | അധ്യാപകർ |
| 5.കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം, കവിതാ രചന, ആലാപന മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ വെക്കേഷൻ ശനിയാഴ്ചകൾ | ഇംഗ്ലീഷ് ക്ലബ്ബ് | ടീച്ചേർസ് എസ് ആർ ജി |

## പ്രവർത്തനം 2

പ്രവർത്തനത്തിൻെറ പേര് ഃ I. മലയാള ഭാഷാ പഠനത്തിൻെറ ആവശ്യകതയും പഠന തന്ത്രങ്ങളും.

## മേഖല ഃ ഹൈസ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| I.അക്ഷര അറിവിലൂടെ ഭാഷയെ കൂടുതൽ അറിയൽ | I.ശ്രദ്ധ ക്ളാസ്സ് നൽകി അക്ഷരം ഉറപ്പിക്കൽ<br>2.അടയാളങ്ങൾ തിരിച്ചറിയുന്നതിനായി വാക്കുകൾ നിർമ്മിക്കൽ<br>3.വാക്കുകൾ എഴുതിയ കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കൽ.<br>4.ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകി കഥ എഴുതൽ<br>5.പ്രീ ടെസ്ററ് നൽകി ഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യകം ക്ളാസ്സ് നൽകൽ. | 3 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ അധ്യാപകർ | എസ് ആർ ജി അധ്യാപകർ |
| 2.വായനാ ശീലം വളർത്തി മികച്ച വായനക്കാരാക്കി മാറ്റാൻ | I.ക്ളാസ്സിൽ വായനക്കൂട്ടം നിർമ്മിക്കൽ<br>2.ക്ളാസ്സ് ലൈബ്രറി മികവുറ്റതാക്കൽ<br>3.സമപത്തുള്ള ലൈബ്രററികളിൽ മെമ്പർഷിപ്പ് എടുക്കൽ<br>4.പത്രവായന<br>5.പുസ്തക ചർച്ച<br>6.ഇ-വായന | ആഗസ്റ്റ് മുതൽ 4 മാസം ക്ളാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | വായനാക്കൂട്ടം | മലയാളം അധ്യാപകർ |
| 3.മികച്ച എഴുത്ത് കാരാക്കുക | I.എഴുത്ത് കൂട്ടം രൂപീകരിക്കൽ<br>2.വായന കുറിപ്പ് എഴുതിക്കൽ<br>3.ഭാഷ പ്രോജക്ട് നൽകൽ<br>4.വ്ക്തിപരവും സംഘം ചേർന്നുമുള്ള എഴുത്ത് | ഡിസംബർ | മലയാളം അധ്യാപകർ | ടീച്ചേർസ് പി റ്റി എ എം പി റ്റി എ |
| 4.സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | I.വിവധ വിഷയങ്ങൾ നൽകി ഗ്രൂപ്പിലും, ക്ളാസ്സിലും, സ്കൂൾ ആഡിറ്റോറിയത്തിൽ വിവിധ മത്സരങ്ങലിലും പങ്കെടുപ്പിക്കൽ<br>2.പ്രസംഘത്തിന് പരിശീലനം നൽകൽ<br>3.സ്വന്തം പ്രസംഗങ്ങളും അവതരണങ്ങളും വീഡിയോയിൽ പകർത്തി സ്വയം വിലയിരുത്തൽ | ക്ളാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | അധ്യാപകർ | അധ്യാപകർ എസ് ആർ ജി |

**പ്രവർത്തനം 3**

പ്രവർത്തനത്തിൻെറ പേര് ‌: I. ജീവശാസ്ത്രം.

**മേഖല : ഹൈസ്കൂൾ ജീവശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| I.ഔഷധ സസ്യത്തോട്ട നിർമ്മാണം | സുലഭമായി നാട്ടിൻപുറത്ത് കിട്ടുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി കുട്ടികൾക്ക് പരിചയപ്പെടുത്തി അവയെ പരിപാലിച്ച് ശേഖരിച്ച് സസ്യത്തോട്ടം നിർമ്മിക്കുന്നു. | 3 മാസം | പി റ്റി എ എസ് ആർ ജി | സയൻസ് ക്ളബ്ബ് ഇക്കോ ക്ളബ്ബ് |
| 2..ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ഒരു ശാസ്ത്ര കിറ്റിൻെറ ശേഖരം തയ്യാറാക്കുന്നു.<br>ക്ളാസ്സ് മുറിയിൽ ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിലേയ്ക്കായി ശാസ്ത്ര മൂല ക്രമീകരിക്കുന്നു | ആഗസ്റ്റ് മുതൽ 4 മാസം ക്ളാസ്സ് റ്റും പ്രവർത്തനങ്ങളോടൊപ്പം | ശാസ്ത്ര അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ ഹെൽത്ത് ക്ളബ്ബ് | അധ്യാപകർ |
| 3.ലഹരി നിർമാർജനം | I.ലഹരി വിമുക്ത ക്ളബ്ബ് രൂപീകരിക്കൽ<br>2.പോലീസ് എക്സൈസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിവിധ ക്ളാസ്സുകൾ<br>3.ചാർട്ട് റാലി | ഡിസംബർ | ജീവ ശാസ്ത്ര അധ്യാപകർ | ടീച്ചേർസ് പി റ്റി എ എം പി റ്റി എ |

## പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : 1. ശാസ്ത്രാവബോധം വളർത്തൽ.

## മേഖല : ഹൈസ്കൂൾ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.ശാസ്ത്രാവബോധം വളർത്തൽ | ഓരോ ആഴ്ചകളിലും ശസ്ത്ര ലോകത്ത് നടക്കുന്ന. പുത്തനറിവുകൾ പ്രദർശിപ്പിക്കുന്ന ശാസ്ത്ര ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു. | ജൂൺ മാസം | പി റ്റി എ എസ് ആർ ജി | സയൻസ് ക്ളബ്ബ് ഇക്കോ ക്ളബ്ബ് |
| 2..വീട്ടിൽ നിന്നും ഒരു കുട്ടി ടീച്ചർ | വിട്ടിലും ചുററുപാടുമുള്ള വസ്തുക്കളിൽ നിന്ന് പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ടീച്ചിംഗ് എയ്ഡ് നിർമ്മാണവും പ്രദർശനവും. | ആഗസ്റ്റ് മുതൽ 4 മാസം | ശാസ്ത്ര അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ ഹെൽത്ത് ക്ളബ്ബ് | അധ്യാപകർ |
| 3.ശാസ്ത്രജ്ഞന്മാരെ അറിയാൻ | ശാസ്ത്രഞ്ജന്മാരുടെ ചിത്രങ്ങൾ സംഭാവനകൾ വിശദീകരിക്കുന്ന പോസ്റ്റർ നിർമ്മിച്ച് സ്കൂളിന്റെ വിവിധ കോണുകളിൽ പ്രദർശിപ്പിക്കുന്നു | ഡിസംബർ | ശാസ്ത്ര അധ്യാപകർ | ടീച്ചേർസ് പി റ്റി എ എം പി റ്റി എ ശാസ്ത്ര അധ്യാപകർ |
| 4.നിർമ്മാണ പ്രവർത്തനം | സോപ്പ് നിർമ്മിക്കുന്നു | ജനുവരി | ശാസ്ത്ര അധ്യാപകർ | ശാസ്ത്ര അധ്യാപകർ |
| 5.ശാസ്ത്ര ദിനങ്ങൾ തിരിച്ചറിയാൻ | പ്രധാനപ്പെട്ട എല്ലാ ശാസ്ത്ര ദിനങ്ങളും ആചരിക്കും | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

## പ്രവർത്തനം 5

പ്രവർത്തനത്തിൻെറ പേര് ഃ ।. ഹിന്ദി ഭാഷാവബോധം വളർത്തൽ.

## മേഖല ഃ ഹൈസ്കൂൾ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുക | 1.അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു 2.അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു 3.ഒരു കൂട്ടം വാക്കുകളിൽ നിന്നും പ്രത്യേക അക്ഷരം കണ്ടെത്തി പറയുവാൻ ആവശ്യപ്പെടുന്നു. | ജൂൺ ജൂലൈ മാസം | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ളബ്ബ് അധ്യാപകർ |
| 2..രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക | കഥ, കവിത എന്നിവ കേൾക്കുന്നതിനും കുട്ടികളുടെ കഥയും കവിതയും അവതരിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ നൽകുന്നു. | ആഗസ്റ്റ് മുതൽ 4 മാസം | ഹിന്ദി അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | ടീച്ചേർസ് പി റ്റി എ എം പി റ്റി എ ഹിന്ദി അധ്യാപകർ |
| 3.സാഹിത്യാഭിരുചി വളർത്തുക | ഹിന്ദി വാരാഘോഷവുമായി ബന്ധപ്പെട്ട് പദ്യം ചൊല്ലൽ കഥ കവിത പോസ്റ്റർ നിർമ്മാണം സാഹിത്യ ക്വിസ് എന്നിവ സംഘടിപ്പിക്കുന്നു പ്രദർശിപ്പിക്കുന്നു | ഡിസംബർ | ഹിന്ദി അധ്യാപകർ | ഹിന്ദി അധ്യാപകർ |
| 4.ഹിന്ദി ഭാഷ പഠിക്കുന്നതു കൊണ്ടുള്ള സാധ്യതകൾ ബോധ്യപ്പെടുത്തുക | പ്രശസ്തരായ വ്യക്തികളെ വിളിച്ച് കരിയർ ക്ളാസ്സ് സംഘടിപ്പിക്കുന്നു പാഠഭാഗവുമായി ബന്ധപ്പെട്ട് തിരക്കഥ പുറം താളെഴുത്ത് എന്നിതയായറാക്കുവാനുള്ള അവസരം നൽകുന്നു | ജനുവരി | ഹിന്ദി അധ്യാപകർ | എസ് ആർ ജി |

## പ്രവർത്തനം 6

പ്രവർത്തനത്തിൻെറ പേര് ഃ ഗണിതം.

## മേഖല ഃ ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | പരിഹാര ബോധനം, ലാബ് പ്രവർത്തനങ്ങൾ | 3 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ അധ്യാപകർ | എസ് ആർ ജി അധ്യാപകർ |
| 2ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലീനിക് | ജൂൺ ആദ്യ വാരം | ഗണിത ക്ലബ്ബ് | ഗണിത അധ്യാപകർ |
| 3.ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ചാർട്ട്, കുസൃതി കണക്കുകൾ, ഗണിത നാട്ടറിവുകൾ, ഗണിത ശില്പശാല | അക്കാദമിക വർഷത്തിൽ ഒന്ന | അധ്യാപകർ ഗണിത ക്ലബ്ബ് | ഗണിത അധ്യാപകർ |
| 4.ഐ സി ടി സാധ്യതയിലൂടെയുള്ള ഗണിത പഠനം | സമഗ്ര റിസോഴ്സ്, ജിയോജിബ്ര തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ച് ഗണിത പഠനം | ഡിസംബർ | അധ്യാപകർ ഗണിത ക്ലബ്ബ് | അധ്യാപകർ |
| 5.ഗണിത നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ശില്പ ശാലകൾ സംഘടിപ്പിച്ച് നൂതന ആശങ്ങളിലൂടെ നിർമ്മിതി | ആഗസ്റ്റ് മുതൽ 4 മാസം ക്ലാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | ഗണിത ക്ലബ്ബ് | ഗണിത അധ്യാപകർ |
| 6.ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ജനുവരി | ഗണിത അധ്യാപകർ | ടീച്ചേർസ് പി റ്റി എ എം പി റ്റി എ |
| 7.ഗണിത മത്സര വേദിയിലേയ്ക്ക് മേളകളിൽ മികച്ച പ്രകടനം കൈവരിക്കൽ | ഗണിത ക്ലബ്ബിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, ശിൽപശാല, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | അധ്യാപകർ | അധ്യാപകർ എസ് ആർ ജി |

**പ്രവർത്തനം 7** പ്രവർത്തനത്തിൻെറ പേര് : I. ചരിത്ര പഠനം സാധ്യമാക്കൽ.

**മേഖല : ഹൈസ്കൂൾ വിഭാഗം സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം–സാമ്പത്തികം |
|---|---|---|---|---|
| I.സാമൂഹ്യ ശാസ്ത്രത്തിലും വിജ്ഞാനത്തിലും Current Affairs ലും കുട്ടികൾക്കുള്ള അറിവ് വർദ്ധിപ്പിക്കുന്നതിന്. | ഓരോ ദിവസവും അഞ്ച് ചോദ്യങ്ങൾ സാമൂഹ്യ ശാസ്ത്രം പൊതു ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ബുക്കിൽ എഴുതി വച്ച് പഠിക്കാൻ പ്രോത്സാഹനം നൽകുന്നു. മാസത്തിലൊരിക്കൽ ഇതുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തുന്നു. | നടപ്പ് അധ്യയന വർഷം | അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | പി റ്റി എ എസ് ആർ ജി |
| 2.പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുന്നതിന് | Vertual field trip ഐ സി റ്റി ഉപയോഗിച്ച് പ്രധാന ചരിത്ര സ്മാരകങ്ങളും അവ നില കൊള്ളുന്ന സ്ഥലങ്ങളുടെയും വീഡിയോ പ്രദർശനം. | നവംമ്പർ | അധ്യാപകർ | പി റ്റി എ അധ്യാപകർ |
| 3.സാമൂഹ്യ പരിഷ്കർത്താവ് ശ്രീ നാരായണ ഗുരുവിനെയും ഗുരുവിൻെറ പ്രവർത്തനങ്ങളെയും മനസ്സിലാക്കാൻ അരുവിപ്പുറം പ്രതിഷ്ഠ അതിൻെറ ചരിത്ര പ്രാധാന്യം. | അരുവിപ്പുറം സന്ദർശനം., ശ്രീ നാരാണ ഗുരുവും ഗുരുവിൻെറ പ്രവർത്തനങ്ങളും വിശദമാക്കി ജീവ ചരിത്ര ക്ളാസ്സ് | ഡിസംബർ ജനുവരി | അധ്യാപകർ | ക്ളാസ്സ് ടീച്ചർ |
| 4.ഇൻഡ്യൻ സ്വാതന്ത്ര സമര സേനാനികളെയും കുറിച്ച് അവബോധം ഉണ്ടാവുക | ക്ളാസ്സ തല പതിപ്പ് നിർമ്മാണം ക്ളാസ്സ് തല പതാക നിർമ്മാണ വും | നടപ്പ് അധ്യന വർഷം | അധ്യാപകർ | അധ്യാപകർ |
| 5.ജനാധിപത്യം ജീവിത ശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെൻ്, മോക്ക് പാർലമെൻറ്. | ഡിസംബർ ജനുവരി | ക്ളബ്ബ് | അധ്യാപകർ കുട്ടികൾ |

**പ്രവർത്തനം 8**

പ്രവർത്തനത്തിൻെറ പേര് ഃ ഇംഗ്ളീഷ്

**മേഖല ഃ 5മുതൽ 8 വരെ കമ്മ്യൂണിക്കേറ്റിവ് ഇംഗ്ളീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.മാതൃ ഭാഷ പോലെ തന്നെ അനായാസം ഇംഗ്ളീഷ് കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു | കുട്ടികളോട് അവരുടെ ജീവിതാഭിലാഷം എന്തെന്ന് ഇംഗ്ളീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു (I have a dream ) | നടപ്പ് അധ്യയന വർഷം | ഇംഗ്ളീഷ് അധ്യാപകർ | രക്ഷകർത്താക്കൾ<br><br>അധ്യാപകർ |
| 2.ഇംഗ്ളീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് കുട്ടികളുടെ ഭാഷാ ശേഷി വർദ്ധിപ്പിക്കൽ | മാസത്തിൽ ഒരിക്കൽ ഇംഗ്ളീഷ് അസംബ്ളി സ്പീച്ച്, മൂല്യാധിഷ്ഠിത പ്രസംഗം.<br><br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്ന | നടപ്പ് അധ്യയന വർഷം | അധ്യാപകർ<br><br>അധ്യാപകർ ഗണിത ക്ളബ്ബ്<br><br>ഗണിത ക്ളബ്ബ് | രക്ഷകർത്താക്കൾ<br><br>അധ്യാപകർ<br><br>ടീച്ചേർസ് പി റ്റി എ എം പി റ്റി എ |

**പ്രവർത്തനം 9**

പ്രവർത്തനത്തിൻെറ പേര് ഃ **ഐ സി ടി**

**മേഖല ഃ യു പി, ഹൈസ്കൂൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.സ്മാർട്ട് ക്ളാസ്സ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ഐ സി ടി ഉപയോഗിച്ച് കൊണ്ട് ക്ളാസ്സ് റൂം സജീവമാകുന്നു. | നടപ്പ് അധ്യയന വർഷം | ഐ ടി അധ്യാപകർ | അധ്യാപകർ |

**പ്രവർത്തനം 10**

പ്രവർത്തനത്തിൻെറ പേര് ഃ **വായന**

**മേഖല ഃ മുഴുവൻ വിദ്യാർത്ഥികളും.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.വായനയിലൂടെ പുതിയ അറിവ് | സർഗ്ഗ ശേഷി വളർത്തുന്നതിനായി പുസ്തകങ്ങൾ നൽകി വായനാ അനുഭവം പങ്ക് വയ്പിക്കുന്നു, വാനാ കുറിപ്പ് എഴുതി വാങ്ങിക്കുന്നു, പുതിയ ആശങ്ങൾ ഉൾക്കൊള്ളിച്ച് എഴുതാൻ ആവശ്യപ്പെടുന്നു.. | നടപ്പ് അധ്യയന വർഷം | ഭാഷാ അധ്യാപകർ ലൈബ്രറി അധ്യാപകർ | അധ്യാപകർ |

**പ്രവർത്തനം 11**

പ്രവർത്തനത്തിൻെറ പേര് ഃ **സയൻസ് എക്സിബിഷൻ**

**മേഖല ഃ വിവധ സയൻസ് ക്ളബ്ബുകൾ.**

**പങ്കെടുക്കുന്നത്- വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.ശാസ്ത്ര ലോകത്തിനെ കുറിച്ച് പുത്തനറിവ് സമ്പാദിയ്ക്കാൻ | സയൻസ് എക്സിബിഷൻ | ജനുവരി | ഐ ടി അധ്യാപകർ സയൻസ് അധ്യാപകർ | പി ടി എ അധ്യാപകർ |

**പ്രവർത്തനം I**

പ്രവർത്തനത്തിന്റെ പേര് : I.പരിസര പഠനം.

## മേഖല : എൽ പി വിഭാഗം പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം-സാമ്പത്തികം |
|---|---|---|---|---|
| I.പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പ്രകൃതി നടത്തം ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു, പൂക്കളിലെ വ്യത്യസ്ഥത തിരിച്ചറിയുന്നു | ജൂൺ, ജൂലൈ | അധ്യാപകർ | അധ്യാപകർ |
| 2.ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് നേടുന്നു. | ചുറ്റുപാടും ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | നടപ്പ് അധ്യയന വർഷം | അധ്യാപകർ | അധ്യാപകർ പിറ്റിഎ |
| 3.ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളും പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യ വസ്തുക്കളുടെ പ്രദർശനം പാചക രീതി വീഡിയോ പ്രദർശനം ഭക്ഷ്യ വസ്തുക്കൾ രുചിച്ചും തിരിച്ചും അറിയൽ | ആഗസ്റ്റ് | അധ്യാപകർ | അധ്യാപകർ, പിറ്റിഎ, എം പി റ്റി എ |
| 4.ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ | ക്ളാസ്സ് ഒരു പഴക്കടയായി മാറ്റുന്നു | ഡിസംബർ | അധ്യാപകർ എസ് ആർ ജി | അധ്യാപകർ പി റ്റി എ പൂർവ്വ വിദ്യാർത്ഥി സംഘടന |
| 5.പരിസ്ഥിതി സൗഹൃദ മനോഭാവം ജനിപ്പിക്കൽ | ഫീൽഡ് ട്രിപ്പ് പരിസര നടത്തം | നവംബർ | പി റ്റി എ അധ്യാപകർ | പി റ്റി എ |

## പ്രവർത്തനം 2

പ്രവർത്തനത്തിൻെറ പേര് ഃ I. ഭാഷാ പരിപോഷണം.

## മേഖല ഃ എൽ പി വിഭാഗം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം-സാമ്പത്തികം |
|---|---|---|---|---|
| I.ശബ്ദവും ലിപിയും പൊരുത്തപ്പെടുത്തി വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ. എന്നിവ തിരിച്ചറിഞ്ഞ് വായിക്കുന്നു. | പദക്കാർഡ് നൽകൽ, അക്ഷര കാർഡ് നൽകൽ പദങ്ങൾക്കിടയിൽ വരയിടൽ | ജൂൺ, ജൂലൈ | അധ്യാപകർ | ക്ളാസ്സ് അധ്യാപക |
| 2.കേട്ട് പഠിച്ച പാട്ടുകൾ ചൊല്ലി അവതരിപ്പിക്കുന്നു | പാട്ടരങ്ങ്, സർഗ്ഗ വേള എന്നീ അവസരങ്ങളിൽ അവതരണത്തിന് അവസരം നൽകുന്നു. | ആഗസ്റ്റ് | അധ്യാപകർ | അധ്യാപകർ പിറ്റിഎ |
| 3.ലളിതമായ കഥകൾ ലഘു വാക്യങ്ങളിൽ പറയുകയും എഴുതുകയും ചെയ്യുന്നു. | സർഗ്ഗ വേള, കഥാ ചാർട്ട് നൽകൽ | ഒക്ടോബർ | അധ്യാപകർ | അധ്യാപകർ |
| 4.ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തൽ | പാഠ്യ. പുസ്തകങ്ങളിലെ ചിത്രങ്ങളിൽ നിന്നും ജീവിത ശൈലി പഠിപ്പിക്കുന്നു. ഗൃഹ സന്ദർശനം നടത്തുന്നു | നവംമ്പർ ഡിസംമ്പർ ജനുവരി | അധ്യാപകർ എസ് ആർ ജി | അധ്യാപകർ |
| 5. റീഡേഴ്സ് തീയറ്റർ | കഥാ സന്ദർഭം വായിച്ച് സംഭവങ്ങൾ , കഥാ പാത്രങ്ങൾ, എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു | നടപ്പ് അധ്യന വർഷം | അധ്യാപകർ എസ് ആർ ജി | അധ്യാപകർ |

## പ്രവർത്തനം 3

പ്രവർത്തനത്തിൻെറ പേര് : 1. ഗണിതം പഠിക്കൽ.

## മേഖല : എൽ പി വിഭാഗം ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം- സാമ്പത്തികം |
|---|---|---|---|---|
| 1.1മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു, ശേഷമുള്ളത് കണ്ടെത്തുന്നു, ഇടയിലുള്ളത് കണ്ടെത്തുന്നു. | 1 മുതൽ 5 വരെ എഴുതിയ കാർഡുകൾ തീപ്പെട്ടി കൂടുകൾ, മഞ്ചാടി, എ4 ഷീറ്റ് പേപ്പർ, വർണ്ണ കടലാസ്സ് | ജൂൺ, ജൂലൈ, ആഗസ്റ്റ് | അധ്യാപകർ | ക്ളാസ്സ് അധ്യാപക |
| 2.വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു | സംഖ്യാ ചക്രം, വിവിധ വസ്തുക്കൾ. | നവംബർ | അധ്യാപകർ | അധ്യാപകർ |
| 3. 2 സംഖ്യകളുടെ തുക കാണുന്നത് ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 20 ൽ താഴെയുള്ള വ്യവകലന ക്രിയ പരിഹരിക്കുന്നു. | ഗണിതം മന കണക്കായി ഡൈസ് ഉപയോഗിച്ച് സംഖ്യ ചതുരത്തിൽ എഴുതിയ സംഖ്യകളിൽ എറിയുന്നു. ഉത്തരം മന കണക്കായി പറയുന്നു. | ഡിസംബർ ജനുവരി | അധ്യാപകർ | ക്ളാസ്സ് ടീച്ചർ |
| 4.ദൈനംദിന ജീവിതവുമായി ഗണിത ശാസ്ത്ര പഠനത്തെ ബന്ധപ്പെടുത്തൽ | ഗണിതത്തിൻെറ പ്രസക്തി ബോധ്യപ്പെടുത്തുന്നതിനായി സാധനങ്ങളുടെ വില പറഞ്ഞ് പഠിപ്പിക്കുന്നു | നടപ്പ് അധ്യന വർഷം | അധ്യാപകർ എസ് ആർ ജി | അധ്യാപകർ |

**പ്രവർത്തനം 4**

പ്രവർത്തനത്തിന്റെ പേര് ः 1. ഭാഷ ശേഷി വികസനം.

**മേഖല ः എൽ പി വിഭാഗം ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം-സാമ്പത്തികം |
|---|---|---|---|---|
| 1.To increase the ability of reading and writing. | Reading cards, Picture description, Riddles, Add more lines, Class room Library, Story developing | June, July, August | Teacher | Class Teacher |
| 2.To empowering English language | Speak about attributes, Morning assembly, Speech, Introducing the library books | November December | Teacher | SRG |
| 3. Add two or three exchanges to a conversation. | Story, Song, Description on vegetables riddles | January | Teacher | Teacher |
| 4.To speak read and write English with out any mistakes | Pre-test, To develop listening skills and reading skills. | February | Teacher | PTA, Teacher |

**പ്രവർത്തനം 1** പ്രവർത്തനത്തിൻെറ പേര് : 1. ചരിത്ര പഠനം സാധ്യമാക്കൽ.

**മേഖല : യു പി വിഭാഗം സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം-സാമ്പത്തികം |
|---|---|---|---|---|
| 1.സാമൂഹ്യ ശാസ്ത്രത്തിലും വിജ്ഞാനത്തിലും Current Affairs ലും കുട്ടികൾക്കുള്ള അറിവ് വർദ്ധിപ്പിക്കുന്നതിന്. | ഓരോ ദിവസവും അഞ്ച് ചോദ്യങ്ങൾ സാമൂഹ്യ ശാസ്ത്രം പൊതു ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ബുക്കിൽ എഴുതി വച്ച് പഠിക്കാൻ പ്രോത്സാഹനം നൽകുന്നു. മാസത്തിലൊരിക്കൽ ഇതുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തുന്നു. | നടപ്പ് അധ്യയന വർഷം | അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | പി റ്റി എ എസ് ആർ ജി |
| 2.പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുന്നതിന് | Vertual field trip ഐ സി റ്റി ഉപയോഗിച്ച് പ്രധാന ചരിത്ര സ്മാരകങ്ങളും അവ നില കൊള്ളുന്ന സ്ഥലങ്ങളുടെയും വീഡിയോ പ്രദർശനം. | നവംമ്പർ | അധ്യാപകർ | പി റ്റി എ അധ്യാപകർ |
| 3.സാമൂഹ്യ പരിഷ്കർത്താവ് ശ്രീ നാരായണ ഗുരുവിനെയും ഗുരുവിൻെറ പ്രവർത്തനങ്ങളെയും മനസ്സിലാക്കാൻ അതിപ്പുറം പ്രതിഷ്ഠ അതിൻെറ ചരിത്ര പ്രാധാന്യം. | അരുവിപ്പുറം സന്ദർശനം., ശ്രീ നാരാണ ഗുരുവും ഗുരുവിൻെറ പ്രവർത്തനങ്ങളും വിശദമാക്കി ജീവ ചരിത്ര ക്ളാസ്സ് | ഡിസംമ്പർ ജനുവരി | അധ്യാപകർ | ക്ളാസ്സ് ടീച്ചർ |
| 4.ഇൻഡ്യൻ സ്വാതന്ത്ര സമര സേനാനിനികളെയും കുറിച്ച് അവബോധം ഉണ്ടാവുക | ക്ളാസ്സ തല പതിപ്പ് നിർമ്മാണം ക്ളാസ്സ് തല പതാക നിർമ്മാണ വും | നടപ്പ് അധ്യന വർഷം | അധ്യാപകർ | അധ്യാപകർ |
| 5.ക്ളബ്ബിലെ അംഗങ്ങളുടെ അഭിരുചി വർദ്ധിപ്പിക്കൽ | സാമൂഹിക ശാസ്ത്ര പരിസ്ഥികതിയുമായി ബന്ധപ്പെട്ട വ്യത്യസ്ത വിഷയങ്ങൾ നൽകി കൊണ്ട് കുട്ടികളെ കൊണ്ട് പ്രസംഗങ്ങൾ നടത്തുന്നു | ഡിസംബർ ജനുവരി | ക്ളബ്ബ് | അധ്യാപകർ കുട്ടികൾ |

**പ്രവർത്തനം 2** പ്രവർത്തനത്തിൻെറ പേര് ് ഃ ।. ശാസ്ത്ര പഠനം.

**മേഖല ഃ യു പി വിഭാഗം ബേസിക് സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം-സാമ്പത്തികം |
|---|---|---|---|---|
| ।.ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐ സി റ്റി ഉപയോഗിച്ച് ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. ആകാശ വിസ്മയ കാഴ്ചക്ൾ ശാസ്ത്ര സത്യങ്ങൾ പുതിയ കണ്ടെത്തലുകൾ എന്നിവയോടൊപ്പം ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | നടപ്പ് അധ്യയന വർഷം | ശാസ്ത്ര അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | പി റ്റി എ എസ് ആർ ജി |
| 2.പ്രതിഭാ ശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | ATL ലാബ് പ്രയോജനപ്പെടുത്തി പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് ഗവേഷണങ്ങൾക്ക് വഴിയൊരുക്കുന്നു. ഇലട്രോണിക്, റോബോട്ടിംഗ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | അധ്യാപകർ | പി റ്റി എ അധ്യാപകർ |
| 3)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ . | ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം മുളകള്വ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ഒരു ശാസ്ത്ര കിറ്റിൻെറ ശേഖരം തയ്യാറാക്കുന്നു.<br>ക്ളാസ്സ് മുറിയിൽ ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിലേയ്ക്കായി ശാസ്ത്ര മൂല ക്രമീകരിക്കുന്നു | ഡിസംബർ ജനുവരി | ശാസ്ത്ര അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ ഹെൽത്ത് ക്ളബ്ബ് | ക്ളാസ്സ് ടീച്ചർ<br>അധ്യാപകർ<br>അധ്യാപകർ കുട്ടികൾ |

## പ്രവർത്തനം 3

പ്രവർത്തനത്തിൻെറ പേര് ഃ I. ഹിന്ദി ഭാഷാ പഠനം.

**മേഖല ഃ യു പി വിഭാഗം ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം-സാമ്പത്തികം |
|---|---|---|---|---|
| I.5,6,7 ക്ളാസ്സ് അക്ഷരബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം കൊടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുക്കുക, ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സി ഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | നടപ്പ് അധ്യയന വർഷം | ഹിന്ദി അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | എസ് ആർ ജി |
| 2.ഹിന്ദി തെറ്റ് കൂടാതെ വായിപ്പിക്കാനുള്ള ശ്രമം | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേയ്ക്ക് ആകർഷിപ്പിക്കും, മറ്റ് ഹിന്ദി ചിത്ര കഥകൾ അതിൻെറ സി ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | അധ്യാപകർ |
| 3)ഹിന്ദിയിൽ സംസാരിപ്പിക്കാനുള്ള ശേഷി വികസിപ്പിക്കുക . | മുൻ ക്ളാസ്സുകളിൽ ഹിന്ദി ഭംഗിയായി പഠിച്ച് ഹിന്ദിയിൽ സംസാരിക്കുന്ന കുട്ടികളെ ക്ളാസ്സിൽ എത്തിച്ച് സംസാരം നിസ്സാരമാണെന്ന് കാണിച്ച് അവരുടെ ചെറിയ ചെറിയ കാര്യങ്ങൾ ഹിന്ദിയിൽ സംസാരിപ്പിക്കും. | ഡിസംബർ ജനുവരി | ഹിന്ദി അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | ക്ളാസ്സ് ടീച്ചർ ഹിന്ദി അധ്യാപകർ |
| 4)ആധുനിക സാങ്കേതിക വിദ്യയിലൂടെ ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കുക. | സുരിലി ഹിന്ദി | നവംബർ ഫെബ്രുവരി | ഹിന്ദി അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | എസ് ആർ ജി ഹിന്ദി അധ്യാപകർ |

## പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് ‌ഃ

1. ഇംഗ്ലീഷ് ഭാഷാ പഠനം.

**മേഖല ഃ യു പി വിഭാഗം ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം-സാമ്പത്തികം |
|---|---|---|---|---|
| 1.ഇംഗ്ലീഷ് ശരിയായ രീതിയിൽ ശ്രവിക്കാനും മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നു. | Listening Games – ഇംഗ്ലീഷ് ഭാഷ ഗെയിമുകളായ Simon says, Whats missing എന്നിവയിലൂടെ നിർദ്ദേശാനുസരണം പ്രവർത്തിക്കാൻ പരിശീലനം | ജൂൺ – ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | ഇംഗ്ലീഷ് ക്ളബ്ബ് |
| 2.വായനാശീലം പരിശീലിപ്പിക്കുക | Role Playing– കുട്ടികൾ വായിച്ച കഥയിലെ കാഥാപാത്രങ്ങളായി Rol Play അവതരിപ്പിക്കാനുള്ള അവസരം | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | എസ് ആർ ജി |
| 3)ഇംഗ്ലീഷിൽ സംസാരിപ്പിക്കാനുള്ള ശേഷി വികസിപ്പിക്കുക . | Recording Yourself– ഇംഗ്ലീഷ് സംസാരിക്കുന്നത് സ്വയം റിക്കാർഡ് ചെയ്ത് കേൾക്കുവാനും, ഉച്ചാരണ പിശകുകൾ തിരിച്ചറിഞ്ഞ് തിരുത്തുവാനുമുള്ള അവസരങ്ങൾ നൽകുന്നു. Shadowing– പ്രസസ്തരുടെ ഓഡിയോ റിക്കോർഡിംഗുകൾ കേൾക്കുവാനും അതുപോലെ അനുകരിച്ച് പ്രസംഗിക്കാനും അവസരം നൽകുന്നതിലൂടെ | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | പി റ്റി എ ക്ളാസ്സ് ടീച്ചർ ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| 4)Vocabulary കൂട്ടാൻ. | ഇംഗ്ലീഷ് ഉച്ചാരണം ശരിയാക്കുന്നു. ഡിബേറ്റ്സ്, മീറ്റസ് ദി ഫോറിനർ എന്നിവയിലൂടെ ആശയ വിനിമയം സാധ്യമാക്കുന്നു. | നവംബർ ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | എസ് ആർ ജി ഇംഗ്ലീഷ് അധ്യാപകർ |
| 5)ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | Spelling bee competition-കുട്ടികളിലെ ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ക്ളബ്ബ് അംഗങ്ങൾ അധ്യാപകർ | പി റ്റി എ അധ്യാപകർ |
| 6)ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. | Writing clubs-വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കാനായി രചനാ മത്സരങ്ങൾ സംഘടിപ്പിക്കും<br><br>Field Trip-വിദേശികളുമായി ആശയ വിനിമയം നടത്തുന്നതിന് കഴിയുന്ന തരത്തിൽ ഒരു ഫീൽഡ് ട്രിപ്പ് ഒരുക്കും<br>Gotec Class- ജില്ലാ പഞ്ചായത്ത് ഡി സി ഇ യുമായി ചേർന്ന് 7 ാം ക്ളാസ്സിലെ 25 കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി യു പി വിഭാഗത്തിലെ മറ്റ് കുട്ടികൾക്ക് ഭാഷ ഉപയോഗിക്കുവാനുള്ള പ്രേരണ നൽകുന്നു. | ഡിസംബർ | ക്ളബ്ബ് അംഗങ്ങൾ അധ്യാപകർ പി റ്റി എ | പി റ്റി എ അധ്യാപകർ |

## പ്രവർത്തനം 5

പ്രവർത്തനത്തിൻെറ പേര് ៖ ।. ഗണിത പഠനം.

**മേഖല ៖ യു പി വിഭാഗം ഗണിതം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകംസാമ്പത്തികം |
|---|---|---|---|---|
| ।.ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ളാസ്സ് നടത്തൽ. | ആവശ്യാനുസരണം. | ഗണിത അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | എസ് ആർ ജി |
| 2.അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | ഗണിത ശില്പ ശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | അധ്യാപകർ |
| 3)രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും<br>. | ഒറിഗാമി ശില്പശാല ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു, അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശനം സംഘടിപ്പിക്കുന്നു.. | ജനുവരി | ഗണിത അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | ക്ളാസ്സ് ടീച്ചർ ഗണിത അധ്യാപകർ |
| 4)ഗണിതം മധുരമാക്കൽ. | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | അക്കാദമിക വർഷം ഒരു പ്രാവശ്യം | ഗണിത അധ്യാപകർ ക്ളബ്ബ് അംഗങ്ങൾ | പി റ്റി എ എസ് ആർ ജി ഗണിത അധ്യാപകർ |
| 5)ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തൽ | ഐ ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ പോലുള്ളവ ചെയ്യാനുള്ള മാർഗ്ഗങ്ങൾ കാണിക്കുന്നു. ജിയോ ജിബ്ര സോഫ്റ്റ് വെയർ പരിചയപ്പെടുത്തുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ശാസ്ത്ര അധ്യാപകർ ഗണിത അധ്യാപകർ കമ്പ്യൂട്ടർ ലാബ് അധ്യാപകർ | എസ് ആർ ജി |

## പ്രവർത്തനം 6

പ്രവർത്തനത്തിൻെറ പേര് ഃ ।. മലയാള ഭാഷാ പഠനത്തിൻെറ ആവശ്യകതയും പഠന തന്ത്രങ്ങളും.

## മേഖല ഃ യു പി സ്കൂൾ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| ।.അക്ഷര അറിവിലൂടെ ഭാഷയെ കൂടുതൽ അറിയൽ | ।.അക്ഷര ക്ളാസ്സ് നൽകി അക്ഷരം ഉറപ്പിക്കൽ<br>2.അടയാളങ്ങൾ തിരിച്ചറിയുന്നതിനായി വാക്കുകൾ നിർമ്മിക്കൽ<br>3.വാക്കുകൾ എഴുതിയ കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കൽ.<br>4.ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകി കഥ എഴുതൽ<br>5.പ്രീ ടെസ്ററ് നൽകി ഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യകം ക്ളാസ്സ് നൽകൽ. | 3 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ അധ്യാപകർ | എസ് ആർ ജി അധ്യാപകർ |
| 2.വായനാ ശീലം വളർത്തി മികച്ച വായനക്കാരാക്കി മാറ്റാൻ | ।.ക്ളാസ്സിൽ വായനക്കൂട്ടം നിർമ്മിക്കൽ<br>2.ക്ളാസ്സ് ലൈബ്രറി മികവുറ്റതാക്കൽ<br>3.സമപത്തുള്ള ലൈബ്രറികളിൽ മെമ്പർഷിപ്പ് എടുക്കൽ<br>4.പത്രവായന<br>5.പുസ്തക ചർച്ച<br>6.ഇ-വായന | ആഗസ്റ്റ് മുതൽ 4 മാസം ക്ളാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | വായനാക്കൂട്ടം | മലയാളം അധ്യാപകർ |
| 3.മലയാളം കംമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കൽ | ।.ഇ- മാഗസീൻ കാണിക്കൽ<br>2.ഈ-വായന സാധ്യമാക്കൽ<br>3.കീ ബോർഡിലെ മലയാളം അക്ഷരങ്ങൾ ബോധ്യപ്പെടുത്തി ടൈപ്പ് ചെയ്ത് നോക്കൽ | ഡിസംബർ | മലയാളം അധ്യാപകർ | ടീച്ചേർസ് പി റ്റി എ എം പി റ്റി എ |
| 4.സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | ।.വിവധ വിഷയങ്ങൾ നൽകി ഗ്രൂപ്പിലും, ക്ളാസ്സിലും, സ്കൂൾ ആഡിറ്റോറിയത്തിൽ വിവിധ മത്സരങ്ങളിലും പങ്കെടുപ്പിക്കൽ<br>2.പ്രസംഘത്തിന് പരിശീലനം നൽകൽ<br>3.സ്വന്തം പ്രസംഗങ്ങളും അവതരണങ്ങളും വീഡിയോയിൽ പകർത്തി സ്വയം വിലയിരുത്തൽ | ക്ളാസ്സ് റൂം പ്രവർത്തനങ്ങളോടൊപ്പം | അധ്യാപകർ | അധ്യാപകർ എസ് ആർ ജി |

**പ്രവർത്തനം 1**

പ്രവർത്തനത്തിൻെറ പേര് : **നമ്മുടെ സ്കൂളിനും വേണം കളിസ്ഥലം**

**മേഖല : ഭൗതീകം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.കളിസ്ഥല ത്തിനായി സ്ഥലം വാങ്ങൽ | ധന ശേഖരണം | 2 വർഷം | എം എൽ എ ഫണ്ട്, പി റ്റി എ, അധ്യാപകർ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ | പി ടി എ അധ്യാപകർ |

**പ്രവർത്തനം 2**

പ്രവർത്തനത്തിൻെറ പേര് : **ആകർഷകമായ കവാടം**

**മേഖല : ഭൗതീകം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.സുരക്ഷിത മായ ക്യാമ്പസ്സ് | ധന ശേഖരണം- നിർമ്മിതി | 2 വർഷം | എം എൽ എ ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, പി റ്റി എ, അധ്യാപകർ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ | പി ടി എ അധ്യാപകർ |

**പ്രവർത്തനം 1**

പ്രവർത്തനത്തിൻെറ പേര് ഃ **പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ**

**മേഖല ഃ സാമൂഹികം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകൾ ആയി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുൻപിൽ വിദ്യാലയത്തിൻെറ ആവശ്യങ്ങൾ അവതരിപ്പിക്കൽ- ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ | സ്റ്റാഫ് കൗൺസിൽ | പി ടി എ അധ്യാപകർ |

**പ്രവർത്തനം 2**

പ്രവർത്തനത്തിൻെറ പേര് ഃ **പൂർവ്വ അധ്യാപക സംഗമങ്ങൾ**

**മേഖല ഃ സാമൂഹികം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ 2. സൗഹൃദം പങ്ക് വയ്ക്കൽ, ക്ഷേമാന്വേഷണം | പൂർവ്വ അധ്യാപകരെ വിളിച്ചു ചേർക്കൽ | വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | അധ്യാപകർ |

**പ്രവർത്തനം 3**

പ്രവർത്തനത്തിൻെറ പേര് ഃ **വായനാക്കൂട്ടം**

**മേഖല ഃ സാമൂഹികം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.വിദ്യാലയ പുസ്തകങ്ങൾ സമൃദ്ധമായി പങ്കിടൽ | രക്ഷകർത്താക്കളെയും, അഭ്യുദയ കാംക്ഷികളെയും വിളിച്ച് വരുത്തൽ | വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ, ലൈബ്രറി | പി ടി എ അധ്യാപകർ |

**പ്രവർത്തനം 4**

പ്രവർത്തനത്തിൻെറ പേര് ഃ **വയോജനങ്ങൾക്കായി.....**

**മേഖല ഃ സാമൂഹികം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം/ സാമ്പത്തിക വിശകലനം | ചുമതല |
|---|---|---|---|---|
| 1.വയോജനങ്ങളെ സന്തോഷിപ്പിക്കാൻ | വയോജനങ്ങളെ ക്ഷണിച്ച് സ്കൂളിലെ വർണ്ണക്കൂടാരത്തിൽ വച്ച് എൽ പി വിഭാഗം വിദ്യാർത്ഥികളുമായി സൗഹൃദം പങ്കിടൽ | വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ, | പി ടി എ അധ്യാപകർ |

**പ്രതീക്ഷിത നേട്ടങ്ങൾ**

1. വിദ്യാഭ്യാസ മികവ് പുലർത്താൻ കഴിയുന്നു.
2. സ്കൂൾ പ്രവേശന നിരക്ക് കൂടുന്നു.

3. മത നിരപേക്ഷ സമൂഹത്തെ സൃഷ്ടിക്കാൻ കഴിയുന്നു.
4. വിദ്യാഭ്യാസത്തിൽ ഗുണകരമല്ലാത്തവ തിരിച്ചറിഞ്ഞ് ആയവയെ ഒഴിവാക്കാൻ കഴിയുന്നു.
5. കുട്ടികളിൽ സ്വയം പര്യാപ്തമായ ചുറ്റപാട് ഒരുങ്ങുന്നു.

**മുൻ വർഷ നേട്ടങ്ങൾ**

എസ് എസ് എൽ സി പരീക്ഷയിൽ 100 ശതമാനം വിജയവും 35 കുട്ടികൾക്ക് എല്ലാ വിഷയത്തിനും എ പ്ളസ്സും, വിശാലമായ രണ്ട് ഡൈനിംഗ് ഹാളുകൾ, കുടിവെള്ള പദ്ധതി, ഇലക്ട്രിഫിക്കേഷൻ, കലോത്സവ സംസ്ഥാന വിജയം, കായിക മത്സര വിജയങ്ങൾ, ഏറ്റവും മികച്ച പി റ്റി എ യ്ക്കുള്ള അവാർഡ്, മുഴുവൻ ക്ളാസ്സുകളിലും വൈറ്റ് ബോർഡും മാർക്കറും, എൽ എസ് എസ്, യു എസ് എസ്, എം എം എസ് വിജയങ്ങൾ, സ്കൂൾ ബസ്, 10 കംമ്പ്യൂട്ടർ ആയവയ്ക്ക് ടേബിൾ എന്നിവ സംഭാവനയായി ലഭിച്ചത്, കളി സ്ഥലം വാങ്ങുന്നതിന് എം എൽ എ ഫണ്ട് അനുവദിച്ചത്, ഗോടെക്ക് അവാർഡ് എന്നിവ നേട്ടങ്ങളുടെ പട്ടികയിൽ ചുരുങ്ങിയവ മാത്രം

**വിവിധ കമ്മിറ്റികൾ**

പി റ്റി എ, എം പി റ്റി എ, എസ് എം സി, സ്കൂൾ വികസന സമിതി, സ്കൂൾ സംരക്ഷണ സമിതി, എസ് ആർ ജി കൾ, സ്റ്റാഫ് കൗൺസിൽ, പൂർവ്വ അധ്യാപക – വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയുള്ള കമ്മിറ്റികളുമായി നിരവധി ചർച്ചകൾ നടത്തി നല്ല തീരുമാനങ്ങൾ കൈകൊണ്ട് വിദ്യാലയ പുരോഗതിയ്ക്കും വിദ്യാഭ്യാസ മുന്നേറ്റത്തിനും മേൽ വിവരിച്ച ലക്ഷ്യങ്ങൾ ഒരോന്നും ജീവസുറ്റ പ്രവർത്തനങ്ങളായി മാറുന്നു.

**നിരീക്ഷണം**

ദൈനം ദിന നിരീക്ഷണം (HM)

സാമൂഹിക നിരീക്ഷണം (PTA)

**ഉപസംഹാരം**